# തിരുവാതിര മത്സരം

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ 2023 ഓണാഘോഷത്തോടനുബന്ധിച്ച് തിരുവാതിര മത്സരം സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയിൽ സാധുവായി അംഗത്വം നിലനിർത്തിയിട്ടുള്ള പരമാവധി ആറ് അംഗങ്ങളിൽ കുറയാത്തതും പത്ത് അംഗങ്ങൾ അധികരിക്കാത്തതുമായ ഗ്രൂപ്പിന് പ്രസ്തുത മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ഗ്രൂപ്പ് അംഗങ്ങൾ അവതരിപ്പിച്ച മത്സരത്തിന്റെ വീഡിയോ (കുറഞ്ഞത് മൂന്ന് മിനിറ്റ്, പരമാവധി പത്ത് മിനിറ്റ്) വാട്സപ്പ് മുഖേന ലഭ്യമാക്കുന്നതിന് ജില്ലാ ഓഫീസർമാർ തങ്ങളുടെ വാട്സപ്പ് സംവിധാനമുള്ള ഫോൺ നമ്പർ പദ്ധതി അംഗങ്ങളെ അറിയിക്കേണ്ടതും അപ്രകാരം ലഭിക്കുന്ന വീഡിയോ ഈ കാര്യാലയത്തിൽ നിന്ന് ആരംഭിക്കുന്ന വാട്സപ്പ് ഗ്രൂപ്പിലേയ്ക്ക് (വാട്സപ്പ് നമ്പർ 8281212922) ഷെയർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പങ്കെടുക്കുന്ന പദ്ധതി അംഗങ്ങളുടെ പേര്, ഫോൺ നമ്പർ, രജിസ്റ്റർ നമ്പർ എന്നിവ വീഡിയോടൊപ്പം ഷെയർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രൂപ്പ് അംഗങ്ങൾ അവതരിപ്പിച്ച മത്സരത്തിന്റെ വീഡിയോ (കുറഞ്ഞത് മൂന്ന് മിനിറ്റ്, പരമാവധി പത്ത് മിനിറ്റ്) 2023 സെപ്റ്റംബർ 4-ന് വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി അതത് ജില്ലാ ഓഫീസുകളിൽ ലഭ്യമായിട്ടുള്ള വാട്സപ്പ് നമ്പർ മുഖേന ഈ കാര്യാലയത്തിൽ നിന്ന് ആരംഭിക്കുന്ന വാട്സപ്പ് ഗ്രൂപ്പിലേയ്ക്കും ഷെയർ ചെയ്യേണ്ടതാണ് എന്നറിയിക്കുന്നു.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് വേണ്ടി